മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 12

# വാർത്താക്കുറിപ്പ്

---

## ബിരുദാനന്തര ബിരുദ / ബി.എഡ്. ഏകജാലകം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം സ്പെഷ്യൽ അലോട്ട്മെന്റ്: പ്രവേശനം 13 വരെ

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവരും മുൻ അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനത്തിൽ തുടരുന്നവരും സെപ്റ്റംബർ 13 വൈകിട്ട് നാല് മണിക്ക് മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ സ്ഥിരപ്രവേശനം നേടേണ്ടതാണ്. നിലവിൽ മുൻ അലോട്ട്മെന്റുകൾ വഴി പ്രവേശനം നേടിയിട്ടുള്ളവർ ഒന്നാം പ്രത്യേക അലോട്ട്മെന്റിൽ അപേക്ഷിക്കുകയും അലോട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ അത്തരക്കാരുടെ പ്രവേശനം റദ്ദാക്കപ്പെട്ടിട്ടുണ്ട്. ഇവരും പുതുതായി അലോട്ട് ചെയ്യപ്പെട്ട കോളേജുകളിൽ സെപ്റ്റംബർ 13 വൈകിട്ട് നാല് മണിക്ക് മുൻപായി സ്ഥിരപ്രവേശനം നേടേണ്ടതാണ്.

(പി.ആർ.ഒ./39/1302/2022)

## ബിരുദ / ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള ഏകജാലകം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം സ്പെഷ്യൽ അലോട്ട്മെന്റ്: പ്രവേശനം 15 വരെ

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവരും മുൻ അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനത്തിൽ തുടരുന്നവരും സെപ്റ്റംബർ 15 വൈകിട്ട് നാല് മണിക്ക് മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ സ്ഥിരപ്രവേശനം നേടേണ്ടതാണ്. നിലവിൽ മുൻ അലോട്ട്മെന്റുകൾ വഴി പ്രവേശനം നേടിയിട്ടുള്ളവർ ഒന്നാം പ്രത്യേക അലോട്ട്മെന്റിൽ അപേക്ഷിക്കുകയും അലോട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ അത്തരക്കാരുടെ നിലവിലെ പ്രവേശനം റദ്ദാക്കപ്പെട്ടിട്ടുണ്ട്. ഇവരും പുതുതായി അലോട്ട് ചെയ്യപ്പെട്ട കോളേജുകളിൽ സെപ്റ്റംബർ 15 വൈകിട്ട് നാല് മണിക്ക് മുൻപായി സ്ഥിരപ്രവേശനം നേടേണ്ടതാണ്.

(പി.ആർ.ഒ./39/1303/2022)

## പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ എം.എ. പി.ഇ.ജെ. (സി.എസ്.എസ്.) (2021 അഡ്മിഷൻ - റെഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / 2020. 2019 അഡ്മിഷൻ - സപ്ലിമെന്ററി) ജൂലൈ 2022 ബിരുദ

പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 26 മുതൽ 29 വരെ ചങ്ങനാശ്ശേരി സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷനിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1304/2022)

ഒന്നാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് മൈക്രോബയോളജി (സി.എസ്.എസ്. - 2021 അഡ്മിഷൻ - റഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / 2019-2020 അഡ്മിഷൻ - സപ്ലിമെന്ററി) ജൂലൈ 2022 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 14 മുതൽ 16 വരെ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1305/2022)

## പരീക്ഷാ കേന്ദ്രത്തിൽ മാറ്റം

നാളെ (സെപ്റ്റംബർ 13 ന്) ആരംഭിക്കുന്ന നാലാം സെമസ്റ്റർ യു.ജി. സി.ബി.സി.എസ്. (ബി.എ./ ബി.കോം. - പ്രൈവറ്റ് രജിസ്ട്രേഷൻ) (2020 അഡ്മിഷൻ - റഗുലർ / 2019, 2018, 2017 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷകൾക്ക് മാല്യങ്കര, എസ്.എൻ.എം. കോളേജിൽ രജിസ്റ്റർ ചെയ്ത 190050067467 മുതൽ 190050067545 വരെ, 190050067652 മുതൽ 190050067681 വരെ എന്നീ രജിസ്റ്റർ നമ്പറുകളിലുള്ള വിദ്യാർത്ഥികളുടെ പരീക്ഷാ കേന്ദ്രം നോർത്ത് പറവൂർ, മന്നം എച്ച്.ഡി.പി.വൈ. കോളേജ് ഓഫ് ആർട്ട്സ് ആൻഡ് സയൻസിൽ നിന്നും അതേ ക്യാംപസിലുള്ള എച്ച്.ഡി.പി.വൈ. കോളേജ് ഓഫ് എഡ്യൂക്കേഷനിലേക്ക് മാറ്റി. വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അനുവദിച്ചിരിക്കുന്ന പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്. ഹാൾ ടിക്കറ്റുകൾ സെപ്റ്റംബർ 12 മുതൽ വിതരണം ചെയ്യും. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1306/2022)

## പരീക്ഷാ ഫലം

2022 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ് (പി.ജി.സി.എസ്.എസ്. - 2020 അഡ്മിഷൻ - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് സെപ്റ്റംബർ 22 വരെ ഓൺലൈനായ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1307/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**